(സി) ഇളനീർ വിപണനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കേരള കാർഷിക സർവ്വകലാശാലയും നാളികേര വികസന ബോർഡും നടത്തിവരുന്നുണ്ട്. കുറിയ ഇനത്തിൽപ്പെട്ടതും സങ്കരയിനത്തിൽപ്പെട്ടതുമായ തെങ്ങുകളുടെ കൃഷി വ്യാപിപ്പിക്കുന്നതിനായി കേര സമൃദ്ധി പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രകാരം 2016 ഫെബ്രുവരി മാസത്തോടെ സംസ്ഥാനത്ത് 10 ലക്ഷം കുറിയ/സങ്കരയിനം തെങ്ങിൻ തൈകൾ വെച്ചുപിടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

കേരകൃഷി പ്രോത്സാഹനം

118 (7415) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അധികവിള നൽകുന്നതും കർഷകർക്ക് സ്വയം വിളവെടുപ്പ് സാധ്യമാകുന്നതുമായ ചെറിയ ഇനം തെങ്ങിൻ തൈകൾ വ്യാപിപ്പിക്കുന്നതിന് കൃഷി ഓഫീസുകൾ മുഖേന കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്ന കാര്യം പരിഗണിക്കുമോ ;

(ബി) സംസ്ഥാനത്ത് എല്ലാ സർക്കാർ ഓഫീസുകളിലും ഇത്തരം തെങ്ങിനങ്ങളുടെ വ്യാപനത്തിന് പദ്ധതി തയ്യാറാക്കുമോ ?

ഉത്തരം

(എ&ബി) ചെറിയയിനം തെങ്ങിൻ തൈകൾ വ്യാപിപ്പിക്കുന്നതിന് കൃഷി വകുപ്പ് പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. സംസ്ഥാന സർക്കാരിന്റെ മിഷൻ 676-ൽ ഉൾപ്പെടുത്തി കേര സമൃദ്ധി എന്ന പദ്ധതിയിലൂടെ കുറിയ ഇനത്തിൽപ്പെട്ടതും സങ്കരയിനത്തിൽപ്പെട്ടതുമായ തെങ്ങുകളുടെ കൃഷി സംസ്ഥാനത്ത് വ്യാപിപ്പിക്കുന്നതാണ്. ഈ പദ്ധതി പ്രകാരം 2016 ഫെബ്രുവരി മാസത്തോടെ സംസ്ഥാനത്ത് അധികമായി 10 ലക്ഷം കുറിയ ഇനം സങ്കര തെങ്ങിൻ തൈകൾ വെച്ചുപിടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

നെല്ലിന് താങ്ങുവില

119 (7416) ശ്രീ. എം. ചന്ദ്രൻ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെല്ലിന്റെ ഉല്പാദനച്ചെലവെങ്കിലും താങ്ങുവിലയായി ലഭ്യമാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോയെന്ന് വ്യക്തമാക്കുമോ ;

(ബി) കാലാവസ്ഥാവ്യതിയാനവും സംഭരിച്ച നെല്ലിന് യഥാസമയം വില ലഭിക്കാതെയും ദുരിതമനുഭവിക്കുന്ന കർഷകരെ സഹായിക്കാൻ സർക്കാർ തലത്തിൽ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേന്ദ്ര സർക്കാർ നെല്ലിന് പ്രഖ്യാപിച്ചിരിക്കുന്ന താങ്ങുവില കേരളത്തിലെ കർഷകരെ സംബന്ധിച്ചിടത്തോളം കുറവായതുകൊണ്ട് സംസ്ഥാന സർക്കാർ ഒരു ഉയർന്ന താങ്ങുവില നൽകിയാണ് നെല്ല് സംഭരിക്കുന്നത്. നെൽകൃഷിയുടെ ഉല്പാദനചെലവ് വർദ്ധനയോടനുബന്ധിച്ചാണ് സംസ്ഥാന സർക്കാർ നെല്ലിന്റെ സംഭരണവില ഉയർത്തി നൽകുന്നത്. 2011 വർഷം നെല്ലിന്റെ സംഭരണവില കിലോക്ക് 15 രൂപയായിരുന്നത് 2012-ൽ ഉയർത്തി കിലോക്ക് 17 രൂപയാക്കുകയും 2013-ൽ കിലോക്ക് 18 രൂപയാക്കുകയും ചെയ്തു. 2014-ൽ സംഭരണവില വീണ്ടും ഉയർത്തി കിലോക്ക് 19 രൂപ നിരക്കിലാണ് ഇപ്പോൾ നൽകിവരുന്നത്. കേരളത്തിലെ ഉല്പാദനച്ചെലവിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിനോട് ഉയർന്ന താങ്ങുവില ആവശ്യപ്പെടാറുണ്ട്.

(ബി) കാലാവസ്ഥ വ്യതിയാനംമൂലം നെൽകൃഷി നശിച്ച കർഷകർക്ക് ഹെക്ടറിന് 10,000 രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നു. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്ത നെൽകൃഷി നശിക്കുകയാണെങ്കിൽ 45 ദിവസത്തിനുശേഷമുള്ള വിളകൾക്ക് ഹെക്ടറിന് 12,500 രൂപ നിരക്കിലും 45 ദിവസത്തിനകത്തുള്ള വിളകൾക്ക് ഹെക്ടറിന് 7,500 രൂപ നിരക്കിലും നഷ്ടപരിഹാരം നൽകിവരുന്നു. കേന്ദ്ര സർക്കാരിന്റെ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം നെല്ലിന് ഒരു ഹെക്ടറിന് 25,000 രൂപ (റാബി) മുതൽ 35,000 രൂപ (ഖാരിഫ്) വരെ ഇൻഷ്വറൻസ് പരിരക്ഷയും പ്രീമിയം തുകയുടെ 75% കേന്ദ്ര സംസ്ഥാന സർക്കാരും വഹിക്കുന്നു. കൂടാതെ ദേശീയ വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം നെൽകൃഷിക്ക് ഹെക്ടറിന് 33,250 രൂപ (ഖാരിഫ്) മുതൽ 35,100 രൂപ (റാബി) വരെ ഇൻഷ്വറൻസ് പരിരക്ഷയായി നൽകുന്നതിന് പുറമേ പ്രീമിയം തുകയുടെ 10% കേന്ദ്ര സംസ്ഥാന സർക്കാരുകൾ വഹിക്കുന്നു.

കൂടാതെ പ്രകൃതിക്ഷോഭംമൂലം കൃഷിനാശമുണ്ടാകുമ്പോൾ വീണ്ടും വിളയിറക്കുന്നതിന് അടിയന്തരഘട്ടങ്ങളിൽ നെൽവിത്ത് സൗജന്യമായി സംസ്ഥാന വിത്ത് വികസന അതോറിറ്റി മുഖേന കർഷകർക്ക് ലഭ്യമാക്കുന്നു. 2013-14 വർഷത്തിൽ പ്രകൃതിക്ഷോഭംമൂലം കൃഷി നശിച്ച നെൽകർഷകർക്ക് 1185.68 മെട്രിക് ടൺ നെൽവിത്ത് സൗജന്യമായി വിതരണം ചെയ്തു.

സംസ്ഥാനത്തെ എല്ലാ ജില്ലകളിൽ നിന്നുമുള്ള കർഷകരിൽ നിന്നും കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന നെല്ല് സംഭരിക്കുകയും സംഭരിക്കുന്ന നെല്ലിന്റെ വില സപ്ലൈകോയിൽ നിന്നും കർഷകർക്ക് അവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നൽകിവരികയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly